"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - എയ്ഡഡ് സ്കൂൾ - ജീവനക്കാര്യം - കൊല്ലം പുനലൂർ ബിഷപ്പ് ഹൗസ് കാത്തലിക് സ്കൂൾസ് കോർപ്പറേറ്റ് മാനേജർ സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.4676/2025/GEDN തീയതി,തിരുവനന്തപുരം, 16-07-2025

---

പരാമർശം:-

1. കാത്തലിക് സ്കൂൾസ് കോർപ്പറേറ്റ് മാനേജർ സമർപ്പിച്ച 07/08/2024-ലെ 34/22-23 നമ്പർ റിവിഷൻ ഹർജി.
2. പത്തനംതിട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 07/12/2024-ലെ DEOPTA/2126/24-B4 നമ്പർ കത്ത്.
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 09/12/2024-ലെ ഇ.റ്റി3/23468/2024/ഡിജിഇ നമ്പർ കത്ത്.

**ഉത്തരവ്**

കൊല്ലം പുനലൂർ ബിഷപ്പ് ഹൗസ് കാത്തലിക് സ്കൂൾസ് കോർപ്പറേറ്റ് മാനേജർ സമർപ്പിച്ച റിവിഷൻ ഹർജിയിന്മേൽ 10/12/2024 തീയതിയിൽ ബന്ധപ്പെട്ട കക്ഷികളുടെ വാദം വി-മീറ്റ് മുഖേന കേൾക്കുകയുണ്ടായി. പത്തനംതിട്ട കുറുമ്പകര സി.എ.എം.എച്ച്.എസ്.ലെ എച്ച്.എസ്.റ്റി. (ഹിന്ദി) പാർട്ട് ടൈം ശ്രീമതി ഷേർലി കെ.എക്സ്.ന് സ്ഥാനക്കയറ്റം നൽകിയ ഒഴിവിൽ 20/06/2022-ൽ നിയമിക്കപ്പെടുകയും ദിവസവേതനാടിസ്ഥാനത്തിൽ നിയമനാംഗീകാരം ലഭിക്കുകയും ചെയ്തിട്ടുള്ള ശ്രീമതി സനുജ എസ്.ന് ശമ്പളസ്കെയിലിൽ നിയമനാംഗീകാരം നല്കണമെന്നതാണ് ഹർജിയിലെ ആവശ്യം.

2. ടി വിഷയത്തിന്മേലുള്ള കോർപ്പറേറ്റ് മാനേജരുടെ വാദമുഖങ്ങൾ താഴെ പറയും പ്രകാരമാണ്.

1. "റോസ്റ്റർ രജിസ്റ്റർ പ്രകാരം കാറ്റഗറി 2-ൽ എച്ച്.എസ്.റ്റി. വിഭാഗത്തിന് ഒരു ഭിന്നശേഷി വിഭാഗത്തിലുള്ള വ്യക്തിയെയാണ് ഈ കോർപ്പറേറ്റ് മാനേജ്മെന്റിൽ നിയമനം നൽകേണ്ടത്.
2. ശ്രീമതി സേതുറയെ ഭിന്നശേഷി വിഭാഗത്തിൽ നിന്നു റീജിയണൽ എംപ്ലോയ്മെന്റ് ലിസ്റ്റിൽ നിന്ന് മാവേലിക്കര എസ്.വി.എച്ച്.എസ്.ൽ നിയമനം നടത്തുകയും അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്.
3. 05/08/2024-ൽ കൊല്ലത്തു നടന്ന അദാലത്തിൽ റോസ്റ്റർ രജിസ്റ്റർ പരിശോധന പൂർത്തീകരിക്കാത്തതുകൊണ്ടാണ് അപ്പീലുകൾ പരിഗണിക്കുവാൻ കഴിയാത്തതെന്നാണ് വാക്കാൽ അറിയിച്ചത്.

4. ഈ മാനേജ്മെന്റിലെ കുറമ്പകര സി.എ.എം.എച്ച്.എസ്.ലെ റോസ്റ്റർ രജിസ്റ്റർ പത്തനംതിട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസർ പരിശോധന നടത്തിയിട്ടില്ല. അതുപോലെ ചെറിയനാട് എസ്.വി.എച്ച്.എസ്.ലെ റോസ്റ്റർ രജിസ്റ്റർ മാവേലിക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസറും പരിശോധന നടത്തിയിരുന്നില്ല. എന്നാൽ പിന്നീട് പരിശോധന നടത്തി ചില അപാകതകൾ ചൂണ്ടിക്കാട്ടി. പ്രസ്തുത അപാകതകൾ പരിഹരിക്കുന്നതിന് റോസ്റ്റർ രജിസ്റ്റർ റീ-സെറ്റ് ചെയ്തുതരുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ചിലരുടെ പേര് ഉൾപ്പെടുത്തുവാനുണ്ട് എന്നാണ് വിദ്യാഭ്യാസ ഓഫീസർമാർ പറഞ്ഞിരിക്കുന്നത്. അവരെ കോർപ്പറേറ്റ് മാനേജ്മെന്റിന് കീഴിലുള്ള പുനലൂർ സെന്റ് ഗൊരേറ്റി ഹൈസ്കൂളിന്റെ റോസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അത് നീക്കം ചെയ്യാൻ കഴിയാത്ത അവസ്ഥയാണുള്ളത്. പുനലൂർ ജില്ലാ വിദ്യാഭ്യാസ ഓഫീസർ റോസ്റ്റർ കൺഫേം ചെയ്തതുകൊണ്ട് അവർക്ക് റീ ഓപ്പൺ ചെയ്യാൻ കഴിയുന്നില്ല.
5. പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടറുടെ ഇ.റ്റി3/721930/2024 തീയതി 02/08/2024 ഉത്തരവ് പ്രകാരം 07/02/1996 മുതൽ 07/11/2021 വരെയുള്ള നിയമനങ്ങളിൽ ബാക്ക് ലോഗ് കണ്ടെത്തി 08/11/2021 മുതൽ ഒഴിവു വരുന്ന തസ്തികകളിലാണ് ഭിന്നശേഷി സംവരണം നടത്തേണ്ടത്. എന്നാൽ മാനേജ്മെന്റ് 08/11/2021-ന് ശേഷമുള്ള നിയമനവും റോസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. തന്മൂലം ബാക്ക് ലോഗ് സംവരണത്തിന്റെ എണ്ണത്തിൽ വർദ്ധനവ് വന്നിട്ടുണ്ട്.
6. ഇപ്പോഴത്തെ നിലയിൽ എച്ച്.എസ്.റ്റി. വിഭാഗത്തിൽ ഭിന്നശേഷി സംവരണത്തിന്റെ എണ്ണം വർദ്ധിക്കുന്നില്ല.
7. എച്ച്2/295299/2021/ഡി.ജി.ഇ. തീയതി 16/05/2023 സർക്കുലറിലെ ഖണ്ഡിക 5-ൽ, ഭിന്നശേഷി സംവരണം പൂർത്തീകരിച്ചെന്ന് ഉറപ്പുവരുത്തിയതിനുശേഷം താൽക്കാലിക നിയമനാംഗീകാരങ്ങളും ദിവസവേതനാടിസ്ഥാനത്തിലുള്ള നിയമനാംഗീകാരങ്ങളും റഗുലറൈസ് ചെയ്ത് നൽകുവാൻ വ്യക്തമായി നിർദ്ദേശിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ശ്രീമതി സനുജ എസ്.ന്റെ നിയമനം ശമ്പളസ്കെയിലിൽ അംഗീകരിച്ച് നൽകുന്നതിന് മറ്റ് തടസ്സങ്ങളില്ല.
8. പാർട്ട് ടൈം അദ്ധ്യാപകരുടെ ദിവസവേതനം 755/- രൂപയാണ്, മാസം ഇവർക്ക് 9000/- രൂപയിൽ താഴെയാണ് ലഭിക്കുന്നത്. ഇവരുടെ നിയമനം താൽക്കാലികമായി ശമ്പളസ്കെയിലിൽ അംഗീകരിച്ച് നൽകുന്നത് മനുഷ്യത്വപരമായ ഒരു സമീപനമായിരിക്കും."

3. ടി വിഷയത്തിന്മേലുള്ള വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ട് താഴെ പറയും പ്രകാരമാണ്.

"ടി സ്കൂളിലെ റോസ്റ്റർ ഡാറ്റാ പരിശോധിച്ചതിൽ, കാറ്റഗറി 01 മുതൽ 05 വരെ ആകെ 05 ഭിന്നശേഷി നിയമനം നടത്തേണ്ടതാണെന്നും, ടി സ്കൂളിൽ കാറ്റഗറി 3-ൽ (നോൺ-ടീച്ചിംഗ്) എഫ്.റ്റി.എം. തസ്തികയിൽ ഭിന്നശേഷി നിയമനം നടത്തിയത് അംഗീകരിച്ച് നൽകിയിട്ടുണ്ടെന്നും, ജി.ഒ.(എം.എസ്) നം.111/2022 തീയതി 25/06/2022 പ്രകാരം ബാക്ക് ലോഗ് കണക്കാക്കുകയും അദ്ധ്യാപക-അനദ്ധ്യാപക നിയമനവിവരങ്ങൾ റോസ്റ്ററിൽ അപ്ഡേറ്റ് ചെയ്യുകയും ചെയ്യുമ്പോൾ ഭിന്നശേഷിക്കായി മാറ്റിവയ്ക്കേണ്ട ഒഴിവുകളിൽ മാറ്റം വരുവാൻ സാധ്യതയുണ്ടെന്നും, പത്തനംതിട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസർ റോസ്റ്ററിൽ ചേർക്കാത്ത

അദ്ധ്യാപകർ/അനദ്ധ്യാപകർ എന്നിവരുടെ ലിസ്റ്റിൽ ചില ജീവനക്കാരെ പുനലൂർ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കീഴിലുള്ള സെന്റ് ഗൊരേറ്റി ഹൈസ്കൂളിന്റെ റോസ്റ്ററിൽ ചേർത്തിട്ടുണ്ടെന്നും, ഇനി ഉൾപ്പെടുത്താനുള്ള ജീവനക്കാരെ റോസ്റ്ററിൽ ഉൾപ്പെടുത്തി റോസ്റ്റർ പൂർത്തീകരിച്ച് ഭിന്നശേഷി ഒഴിവുകൾ നിർണയിച്ച് നിയമനം നടത്തിയാൽ മാത്രമേ ശ്രീമതി സനുജയുടെ നിയമനം ശമ്പളസ്കെയിലിൽ അംഗീകരിക്കുവാൻ സാധിക്കുകയുള്ളൂ."

4.സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. കോർപ്പറേറ്റ് മാനേജർ ടി മാനേജ്മെന്റിന് കീഴിലുള്ള സ്കൂളുകളിലെ അദ്ധ്യാപക തസ്തികകളിൽ ഭിന്നശേഷി സംവരണ നിയമപ്രകാരം ആവശ്യമായ പെർസെന്റേജ് ഒഴിവുകൾ മാറ്റിവച്ചുകൊണ്ട് റോസ്റ്റർ സമർപ്പിക്കുകയും, തദനുസൃതമായി ഭിന്നശേഷിക്കാരെ നിയമിക്കുകയും ചെയ്തിട്ടുള്ളതിന്റെ രേഖകൾ സഹിതം കോർപ്പറേറ്റ് മാനേജരിൽ നിന്നും റിപ്പോർട്ട് ലഭ്യമാക്കി, ആയത് ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാരിൽ നിന്നും ഉറപ്പുവരുത്തിയ ശേഷം പത്തനംതിട്ട കുറമ്പകര സി.എ.എം.എച്ച്.എസ്.ൽ എച്ച്.എസ്.റ്റി. പാർട്ട് ടൈം ഹിന്ദി ആയി നിയമിക്കപ്പെട്ട ശ്രീമതി സനുജ എസ്.ന്റെ നിയമനം നിയമനത്തീയതിയായ 20.06.2022 മുതൽ ശമ്പളസ്കെയിലിൽ അംഗീകരിക്കുന്നതിനുള്ള അടിയന്തര നടപടിസ്വീരിക്കുന്നതിന് പത്തനംതിട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

5.മേൽപ്രകാരം കൊല്ലം പുനലൂർ ബിഷപ്പ് ഹൗസ് കാത്തലിക് സ്കൂൾസ് കോർപ്പറേറ്റ് മാനേജർ സമർപ്പിച്ച പരാമർശം 1 റിവിഷൻ ഹർജി തീർപ്പാക്കിയിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
M RATHEESH
അണ്ടർ സെക്രട്ടറി

കോർപ്പറേറ്റ് മാനേജർ, കാത്തലിക് സ്കൂൾസ്, ബിഷപ്പ് ഹൗസ്, പുനലൂർ.
പ്രധാനാദ്ധ്യാപകൻ, സി.എം.എം.എച്ച്.എസ്., കുറമ്പക്കര.
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം-695 014.
വിദ്യാഭ്യാസ ഉപഡയറക്ടർ, തിരുവനന്തപുരം-695 036.
വിദ്യാഭ്യാസ ഉപഡയറക്ടർ, പത്തനംതിട്ട.
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, പത്തനംതിട്ട.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
ഡയറക്ടർ, വെബ് ആന്റ് ന്യൂ മീഡിയ (പ്രസിദ്ധീകരണത്തിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി. (എ2/169/2024/പൊവിവ)

ഉത്തരവിൻ പ്രകാരം

Signed by
Sindhu.s
Date: 16-07-2025 17:00:18
സെക്ഷൻ ഓഫീസർ